**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **13-09-2023 - ൽ മറുപടിയ്ക്ക്**

**അരി വിപണിയിലെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മൊത്ത വിപണിയിലും ചില്ലറ വിപണിയിലും അരിയ്ക്ക് രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'Center for Price Research Kerala' പൊതുവിപണിയിൽ നിന്ന് ശേഖരിച്ച വിലവിവരങ്ങൾ പരിശോധിക്കുമ്പോൾ ജയ അരിയുടെ വില 6 മാസമായി കുറഞ്ഞ വരുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അരിയുടെ വില നിയന്ത്രിക്കുന്നതിനായി തെക്കൻ കേരളത്തിൽ മട്ട അരിയും പച്ചരിയും വടക്കൻ കേരളത്തിൽ അവിടുത്തെ ജനങ്ങളുടെ അഭിരുചിക്ക് അനുസരിച്ച് വെള്ള അരിയും പച്ചരിയും കൂടുതലായി റേഷൻ കടകൾ വഴി വിതരണം നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>2023 ജനുവരി മുതൽ ജൂലൈ വരെയുള്ള കാലയളവിലെ അരിയുടെ ചില്ലറ വിപണി വിലയും മൊത്ത വിപണി വിലയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് വിലകുറച്ച് അരി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അതിന് ആവശ്യമായ സ്റ്റോക്ക് എത്തിച്ചിട്ടുണ്ടോ; | (ബി) | സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ദൗർലഭ്യം ഇല്ലാതെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഓളം വരുന്ന സപ്ലൈകോ വില്പനശാലകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്ക് ആവശ്യമായ അരി, പഞ്ചസാര തുടങ്ങിയ പലവ്യഞ്ജനങ്ങൾ കമ്പോള നിലവാരം, ഫണ്ടിന്റെ ലഭ്യത, ഡിപ്പോയിലെ സ്ഥല സൗകര്യം എന്നിവ കണക്കിലെടുത്ത് എല്ലാ മാസവും ഇ-ടെൻഡർ/ഇ-ഓക്ഷൻ മുഖേന വാങ്ങുന്നുണ്ട്. ഇതിനായി ആഗസ്റ്റ് മാസത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ വിവിധ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനുവേണ്ടി 17,53,90 ക്വിന്റൽ അരി സംഭരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മൊത്ത വിപണിയിലും ചില്ലറ വിപണിയിലും അരിയ്ക്ക് വിലക്കയറ്റം തടയാനുള്ള കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633-ഓളം വിൽപ്പനശാലകളിൽ ജയ അരി, മട്ട അരി, പച്ചരി, കുറുവ അരി ആദിയായ 13 അവശ്യസാധനങ്ങളുടെ വിലയിൽ 2016 മുതൽ വ്യത്യാസം വരുത്തിയിട്ടില്ല. |
| (സി) | അരി വിപണിയിൽ പച്ചരിക്ക് ക്ഷാമം അനുഭവപ്പെടുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | സംസ്ഥാനത്ത് പച്ചരിയ്ക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻ കടകൾ വഴി എല്ലാ കാർഡുടമകൾക്കും പച്ചരി ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മൊത്ത വിപണി**

| ഇനം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലെയ് |
|---|---|---|---|---|---|---|---|
| ജയ അരി | 44.32 | 43.11 | 43.66 | 44.30 | 42.79 | 38.94 | 38.87 |
| കുറുവ അരി | 37.98 | 37.11 | 37.16 | 37.51 | 38.58 | 39.12 | 37.25 |
| പച്ചരി | 26.49 | 27.62 | 28.34 | 28.24 | 28.80 | 29.60 | 32.24 |
| മട്ട അരി | 42.90 | 48.86 | 43.31 | 43.76 | 44.20 | 44.49 | 43.97 |

**ചില്ലറ വിപണി**

| ഇനം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലെയ് |
|---|---|---|---|---|---|---|---|
| ജയ അരി | 48.26 | 46.25 | 45.97 | 46.22 | 44.09 | 41.65 | 42.00 |
| കുറുവ അരി | 40.05 | 39.58 | 39.76 | 40.39 | 41.64 | 43.82 | 40.33 |
| പച്ചരി | 29.78 | 30.11 | 30.09 | 29.93 | 30.64 | 31.26 | 34.70 |
| മട്ട അരി | 46.54 | 46.17 | 45.90 | 46.41 | 46.80 | 46.89 | 45.58 |